**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341** **01-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെറുകിട, ഇടത്തരം വ്യവസായങ്ങളിൽ പകുതിയോളം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആണെന്നത് ധനകാര്യവകപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2022-23 ബഡ്ജറ്റിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി പ്രഖ്യാപിക്കുകയും കെ.എഫ്.സി വഴി നടപ്പിലാക്കുകയും ഉണ്ടായി. |
| (ബി) | പ്രസ്തുത വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രി സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച സ്കീമാണ് കാർഷികാധിഷ്ഠിത എം.എസ്.എം.ഇ വായ്പാ പദ്ധതി (KAMS). |
| (സി) | പുതിയ കാർഷികാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, പ്രവർത്തന മൂലധനം തുടങ്ങിയവ പ്രസ്തുത വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പുതിയ കാർഷികാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രവർത്തന മൂലധനം എന്നിവയ്ക്കായി വായ്പാ തുക KAMS പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്. പ്രസ്തുത സ്കീം 31.03.2024-ൽ കാലാവധി കഴിഞ്ഞതിനാൽ പുനരംഗീകാരത്തിനായി കെ.എഫ്.സി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | കാർഷികോത്പാദന രംഗത്തിനും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ-ചെറുകിട യന്ത്രങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കേരള സ്റ്റാർട്ടപ്പ് മിഷനിൽ/Department of Industrial Policy and Promotion (DIPP) Government of India-ൽ രജിസ്റ്റേർഡ് ആയിട്ടുള്ള കാർഷികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി വഴി വായ്പ നൽകുന്നുണ്ട്. ആശയത്തിൽ നിന്നും ഉത്പാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും, വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതു കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ